**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2043** **21-06-2024 - ൽ മറുപടിയ്ക്ക്**

**വോട്ടർ പട്ടിക ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർ പട്ടിക പുതുക്കുമ്പോൾ എകീകൃത വോട്ടർ പട്ടിക ഉപയോഗിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | **സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർപട്ടികയാണ് ഉപയോഗിക്കുന്നത്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി വാർഡ് നിയോജക മണ്ഡലത്തിലെ ബൂത്തടിസ്ഥാനത്തിലുള്ള വോട്ടർപട്ടിക കാലാകാലങ്ങളിൽ പുതുക്കിയാണ് തിരഞ്ഞെടുപ്പിനായി ഉപയോഗിക്കുന്നത്. നിയമസഭ, ലോക് സഭ തിരഞ്ഞെടുപ്പുകൾക്കുള്ള വോട്ടർ പട്ടിക കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ, അസംബ്ലി മണ്ഡലത്തിന്റെ ബൂത്ത് അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. ഒരു അസംബ്ലി മണ്ഡലത്തിലെ ബൂത്ത് പ്രദേശത്ത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയിലെ ഒന്നോ അതിലധികമോ വാർഡുകൾ ഭാഗികമായോ പൂർണ്ണമായോ ഉൾപ്പെട്ടുവരാം. അതിനാൽ അസംബ്ലി മണ്ഡലത്തിലെ ബൂത്തുതല വോട്ടർ പട്ടിക അതേപടി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പിന് ഉപയോഗിക്കാൻ കഴിയില്ല. അസംബ്ലി വോട്ടർപട്ടികയിൽ വോട്ടർമാരുടെ വാർഡ് നമ്പരും വീട്ടുനമ്പരും അപ്ഡേറ്റ് ചെയ്യാത്തതിനാൽ ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ അവ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി വാർഡുകളിലേയ്ക്ക് ക്രമീകരിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ട്.** |
| (ബി) | ഇക്കഴിഞ്ഞ ലോകസഭ തെരഞ്ഞെടുപ്പിനായി തയ്യാറാക്കിയ വോട്ടർ പട്ടികയിലെ പുതിയ വോട്ടർമാരെ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിയമസഭ, ലോകസഭ വോട്ടർ പട്ടികകൾ എകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | **സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർപട്ടികയാണ് ഉപയോഗിക്കുന്നത്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി വാർഡ് നിയോജക മണ്ഡലത്തിലെ ബൂത്തടിസ്ഥാനത്തിലുള്ള വോട്ടർപട്ടിക കാലാകാലങ്ങളിൽ പുതുക്കിയാണ് തിരഞ്ഞെടുപ്പിനായി ഉപയോഗിക്കുന്നത്. നിയമസഭ, ലോക് സഭ തിരഞ്ഞെടുപ്പുകൾക്കുള്ള വോട്ടർ പട്ടിക കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ, അസംബ്ലി** |

| | | | |
|---|---|---|---|
| | | | **മണ്ഡലത്തിന്റെ ബൂത്ത് അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. ഒരു അസംബ്ലി മണ്ഡലത്തിലെ ബൂത്തു പ്രദേശത്ത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയിലെ ഒന്നോ അതിലധികമോ വാർഡുകൾ ഭാഗികമായോ പൂർണ്ണമായോ ഉൾപ്പെട്ടുവരാം. അതിനാൽ അസംബ്ലി മണ്ഡലത്തിലെ ബൂത്തുതല വോട്ടർ പട്ടിക അതേപടി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പിന് ഉപയോഗിക്കാൻ കഴിയില്ല. അസംബ്ലി വോട്ടർപട്ടികയിൽ വോട്ടർമാരുടെ വാർഡ് നമ്പരും വീട്ടുനമ്പരും അപ്ഡേറ്റ് ചെയ്യാത്തതിനാൽ ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ അവ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി വാർഡുകളിലേയ്ക്ക് ക്രമീകരിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ട്.** |

സെക്ഷൻ ഓഫീസർ